## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 842 10.06.2019-ൽ മറുപടിക്ക്

## സംസ്ഥാനത്തെ ആദിവാസി കോളനി നിവാസികളിലെ മയക്കമരുന്ന് ഉപഭോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ ആദിവാസി കോളനി നിവാസികൾ മയക്കമരുന്നുകൾക്ക് അടിമപ്പെടുന്നതായ കാര്യം പരിശോധി ച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. ഒറ്റപ്പെട്ട ചില കോളനികളിൽ കഴിയുന്ന ആദിവാസികളിലാണ് മയക്കമരുന്ന് ഉപയോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത്തരം കോളനികളിൽ പുറമെ നിന്നുള്ളവരുടെ സാന്നിദ്ധ്യം കൂടുന്നതായും ഇവർ മുഖേന മയക്കമരുന്ന് മുതലായ ലഹരി വസ്തുക്കൾ കോളനികളിൽ വിതരണം ചെയ്യപ്പെടുന്ന തായും പരിശോധനകളിൽ തെളിഞ്ഞിട്ടുണ്ട്. ഒറ്റ തിരിഞ്ഞതും അലസവുമായ ജീവിതശൈലി ചിലപ്പോളെല്ലാം വിഷാദരോഗങ്ങൾക്ക് ഇടയാക്കുന്ന തായും തന്നിമിത്തം ലഹരി ഉപയോഗത്തിന് അടിമപ്പെടുന്നതായും കണ്ടിട്ടുണ്ട്. |
| ബി) | ഈ പ്രവണതയിൽ നിന്നും കോളനി നിവാസികളെ മോചിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാ ക്കിയത്; വിശദമാക്കാമോ; | ബി) | ജനമൈത്രി പോലീസ്, എക്സൈസ് വകുപ്പ്, കമ്മിറ്റഡ് സോഷ്യൽ വർക്കർ, ട്രൈബൽ പ്രൊമോട്ടേഴ്സ്, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ ട്രൈബൽ മേഖലകൾ സന്ദർശിച്ച് മദ്യത്തിന്റെയും മറ്റ് ലഹരി ഉത്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെ ക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് തൊഴിൽ നൈപുണ്യ വികസന പദ്ധതികളും ജീവനോപാധി പ്രവർത്തനങ്ങളായ തൊഴിലധിഷ്ഠിത കോഴ്സുകളും, ഗോത്രജീവിക, ഗോത്രരശ്മി തുടങ്ങിയവയും നടപ്പിലാക്കുന്നു. |
| സി) | കോളനികളിൽ മയക്കമരുന്നിന്റെ ലഭ്യത തടയുവാൻ, സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരി ക്കാൻ ഉദ്ദേശിക്കുന്നത്? | സി) | പട്ടികവർഗ കോളനികളിലെ മദ്യം, മയക്കമരുന്ന് ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിച്ചു വരുന്നുണ്ട്. ഊരുകൂട്ട യോഗങ്ങൾ കൂടുമ്പോൾ വകുപ്പിലെ ഉദ്യോഗസ്ഥന്മാരും പ്രൊമോട്ടർമാരും ബോധവൽക്കരണ ക്ലാസുകൾ എടുക്കാറുണ്ട്. അതു കൂടാതെ നിരവധി ഊരുകൂട്ട സെമിനാറുകൾ വകുപ്പ് വർഷം തോറും സംഘടിപ്പിക്കാറുണ്ട്. ഊരുമൂപ്പന്മാർ, |

| | | | |
|---|---|---|---|
| | | | കോളനി നിവാസികൾ, സാമുദായിക നേതാക്കന്മാർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിയാണ് സെമിനാറുകൾ സംഘടിപ്പിക്കുന്നത്. പ്രസ്തുത സെമിനാറുകളിൽ എക്സൈസ് വകുപ്പിന്റെ സഹകരണവും ഉറപ്പ് വരുത്താറുണ്ട്. മദ്യം, മയക്കു മരുന്ന് എന്നിവക്കെതിരെ പ്രവർത്തിക്കുന്ന പ്രഗത്ഭരെയും, സാമൂഹ്യ പ്രവർത്തകരെയും ഉൾപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**